# കേരള സർവകലാശാല

നം. പി.ആർ.122/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### KMAT KERALA പരീക്ഷ തീയതി മാറ്റി

സർവകലാശാലകളുടേയും എം.ബി.എ കോളേജുകളുടേയും അപേക്ഷാർത്ഥികളുടേയും അഭ്യർത്ഥന മാനിച്ചും സർവകലാശാലകൾ ഡിഗ്രി പരീക്ഷ ഫലം പുറപ്പെടുവിക്കുന്നതിൽ വരുന്ന കാലതാമസവും കണക്കിലെടുത്ത് ജൂൺ 11-ലെ KMAT KERALA പരീക്ഷ ജൂലൈ രണ്ടിലേക്ക് (രാവിലെ 10 മണി മുതൽ 12.30വരെ) മാറ്റി. അപേക്ഷാർത്ഥികൾ കൂടുതൽ ഉള്ള ജില്ലകളിൽ പരീക്ഷ കേന്ദ്രങ്ങൾ അധികം നൽകും. അപേക്ഷിക്കേണ്ട അവസാന തീയതി ജൂൺ 20 വൈകിട്ട് അഞ്ച് മണി വരെയാണ്. വിശദവിവരങ്ങൾക്ക് kmatkerala.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0471-2335133, 8547255133.

### ബി.എസ്സി, ബി.കോം, ബി.എഫ്.എ - ഹിയറിങ് ഇംപയേർഡ് പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആക്കുളം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിങ് (NISH), അടൂർ മണകല ബിഷപ്പ് മൂർ കോളേജ് ഫോർ ഹിയറിങ് ഇംപയേർഡ് എന്നീ കോളേജുകളിലെ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് (എച്ച്.ഐ), ബി.കോം (എച്ച്.ഐ), ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് (ബി.എഫ്.എ) (എച്ച്.ഐ) എന്നീ കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷാഫോം സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 20. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.പി.എഡ് ടൈംടേബിൾ

കേരള സർവകലാശാല നടത്തുന്ന ഏഴാം സെമസ്റ്റർ ബി.പി.എഡ് (സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എ മലയാളം ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ എം.എ മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ 2015-17 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഷിജു. സി (രജി.നം. MAL 150514/2017) ഒന്നാം റാങ്ക് നേടി.

### ഹിന്ദി അലുമ്നി അസോസിയേഷൻ വാർഷിക സംഗമം

രജത ജൂബിലി ആഘോഷത്തിന്റെ ഭാഗമായി തയ്യാറാക്കിയ സുവനീറിന്റെ പ്രകാശനവും അസോസിയേഷന്റെ മറ്റ് ഭാവി പരിപാടികളെ പറ്റി ചർച്ച ചെയ്യുന്നതിനും വേണ്ടി ഹിന്ദി അലുമ്നി അസോസിയേഷന്റെ വാർഷിക സംഗമം ജൂൺ 10 രാവിലെ 10 മണിക്ക് കേരള സർവകലാശാലയുടെ ഹിന്ദി പഠനവകുപ്പിൽ നടക്കും.

### എം.എസ്സി കമ്പ്യൂട്ടർ സയൻസ് ഇന്റേണൽ മാർക്ക്

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസം വഴി നടത്തുന്ന മൂന്നാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് കോഴ്സിന്റെ ഇന്റേണൽ മാർക്കുകൾ

പ്രസിദ്ധീകരിച്ചു. പരാതിയുള്ളവർ ജൂൺ ഒമ്പതിനകം കോർഡിനേറ്ററെ അറിയിക്കേണ്ടതാണ്.

## എം.എസ്സി ഫലം

കേരള സർവകലാശാല 2016 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി ഫിസിക്സ് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ആർക്ക് ടൈംടേബിൾ

കേരള സർവകലാശാലയുടെ ഒന്ന്, രണ്ട്, ആറ്, എട്ട് സെമസ്റ്റർ ബി.ആർക്ക് (2008 സ്കീം) സപ്ലിമെന്ററി, ആറാം സെമസ്റ്റർ ബി.ആർക്ക് (2013 സ്കീം) റഗുലർ & സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ/ബി.എസ്സി/ബി.കോം/ബി.സി.എ/ബി.ബി.എ/ബി.പി.എ/ ബി.എസ്.ഡബ്ലിയു/ബി.വോക് പരീക്ഷ

കേരള സർവകലാശാല നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ് ബി.എ/ബി.എസ്സി/ബി.കോം/ബി.സി.എ/ ബി.ബി.എ/ബി.പി.എ/ബി.എസ്.ഡബ്ലിയു/ബി.വോക് (2013, 2014 സപ്ലിമെന്ററി 2015 റഗുലർ) പരീക്ഷകൾ ജൂലൈ 12-ന് ആരംഭിക്കും. പരീക്ഷകൾക്ക് പിഴകൂടാതെ ജൂൺ 16 (50 രൂപ പിഴയോടെ ജൂൺ 22, 125 രൂപ സൂപ്പർ ഫൈനോട് കൂടി ജൂൺ 27) വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഐ.എം.കെ.- ഗസ്റ്റ് ഫാക്കൽറ്റി പാനൽ

കേരള സർവകലാശാല ഐ.എം.കെ-യിൽ മാനേജ്മെന്റ് വിഷയങ്ങൾ പഠിപ്പിക്കാൻ വേണ്ടി തയ്യാറാക്കുന്ന ഗസ്റ്റ് ഫാക്കൽറ്റി പാനലിൽ ഉൾപ്പെടാൻ താൽപര്യമുള്ളവർ ബയോഡേറ്റ (www.imkkariavattom2012@gmail.com) എന്ന ഇ-മെയിൽ മുഖേനയോ പ്രൊഫ. ആന്റ് ഹെഡ്, ഐ.എം.കെ, കേരള സർവകലാശാല, കാര്യവട്ടം 695581 എന്ന വിലാസത്തിലോ ജൂൺ 15-നകം സമർപ്പിക്കണം.

## ബി.എഡ് ഫലം

കേരള സർവകലാശാല ഏപ്രിൽ മെയ് മാസങ്ങളിൽ നടത്തിയ ബി.എഡ് (2015 സ്കീം ദ്വിവത്സര കോഴ്സ്) നാലാം സെമസ്റ്റർ ഏകീകൃത ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
03.06.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098